# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 398 28.05.2019-ൽ മറുപടിക്ക്

## കോയിക്കൽ കൊട്ടാരം നവീകരണം

**ചോദ്യം**
ശ്രീ.സി.ദിവാകരൻ

**ഉത്തരം**
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| | നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ കോയിക്കൽ കൊട്ടാരം നവീകരണവുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദവിവരം നൽകുമോ? | | കോയിക്കൽ കൊട്ടാരത്തെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണ പ്രവർത്തികൾ നടത്തുകയാണുണ്ടായത്.<br>ഇതിലേക്കായി കേന്ദ്ര സർക്കാർ ഒന്നാം ഗഡുവായി അനുവദിച്ചിരുന്ന തുക മുഴുവനും ഉപയോഗിച്ചിട്ടുള്ള സാഹചര്യത്തിൽ വകുപ്പിന്റെ തനത് ഫണ്ടിൽ നിന്നും 35,46,288/- രൂപ ചെലവഴിച്ചാണ് മ്യൂസിയം പുനരുദ്ധാരണ പണികൾ പൂർത്തിയാക്കി പൊതു ജനങ്ങൾക്ക് തുറന്ന് കൊടുത്തിട്ടുള്ളത്.<br>പ്രദർശന വസ്തുക്കൾ പ്രദർശിപ്പിക്കുന്ന ഷോകേസുകളിൽ ലൈറ്റിംഗ് സംവിധാനം കെൽട്രോൺ മുഖേന സജ്ജീകരിച്ചു. പ്രദർശന വസ്തുക്കളുടെ കൺസർവ്വേഷൻ പണികൾ നടത്തി. പ്രദർശന വസ്തുക്കളുടെ ഡിസ് പ്ലേ, താഴെത്തെയും മുകളിലത്തേയും നിലകളിൽ കാർപെറ്റ് വിരിക്കൽ എന്നീ പണികളും പൂർത്തിയാക്കി. വീഡിയോ ഡോക്യുമെന്ററി (ഫോക് ആർട്സ്) ലേബൽ, ഡിസ്ക്രിപ്ഷൻ ബോർഡുകൾ എന്നിവയുടെ സജ്ജീകരണം, ഡോക്യുമെന്റേഷൻ, പെയിന്റിംഗ് മറ്റ് അനുബന്ധ പ്രവർത്തികൾ എന്നിവയും നിർവ്വഹിച്ചിട്ടുണ്ട്. പ്രദർശന വസ്തുക്കളുടെ രാസസംരക്ഷണം നടത്തിയിട്ടുണ്ട്. കോയിക്കൽ കൊട്ടാരത്തിന്റെ പ്രധാന കവാടത്തിന്റെ പണി തീർന്നിട്ടുമുണ്ട്. കൊട്ടാരത്തിലെ നീരാഴി അറ്റകുറ്റപ്പണി തീർത്തിട്ടുമുണ്ട്. കൊട്ടാരത്തിന് ചുറ്റും മനോഹരമായ ഗാർഡൻ നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും പ്രവർത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു. അതുപോലെ കൊട്ടാരത്തിന്റെ ചുറ്റുമതിലിന്റെ പ്രവർത്തികളും പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. 30.05.2018 ന് മ്യൂസിയം പൊതു ജനങ്ങൾക്ക് തുറന്ന് കൊടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ